# ഗവ.യു.പി.എസ്,ചുനക്കര

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ ചുനക്കര ഗ്രാമപഞ്ചായത്ത് നാലാം വാർഡിൽ ചുനക്കര ഗ്രാമപഞ്ചായത്ത് ജംഗ്ഷന് തെക്കുവശം മാങ്കാംകുഴി-ചാരുംമൂട് റോഡിന്റെ കിഴക്ക് ഭാഗത്തായി ചുനക്കര ഗ്രാമപഞ്ചായത്തിന് സമീപം സ്ഥിതി ചെയ്യുന്ന ഒരു സർക്കാർ സ്ഥാപനമാണ് ഗവ.യു.പി.സ്കൂൾ,ചുനക്കര.

1894 ൽ ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്ത് സ്ഥാപിക്കപ്പെട്ട ഈ സരസ്വതീമന്ദിരം ചുനക്കരനിവാസികളുടെ പഴയകാലത്തെ ഏക ആശ്രയമായിരുന്നു. നല്ലവരായ വ്യക്തികളുടെ അക്ഷീണപ്രയത്നം കൊണ്ടാണ് ഈ സ്കൂൾ ഇത്രയേറെ പുരോഗതിയിൽ എത്തിയത്. ചുനക്കരയിലെയും സമീപപ്രദേശങ്ങളിലെയും മുഴുവൻ കുട്ടികൾക്കും ഒരു അനുഗ്രഹമായിരുന്നു ഈ സ്കൂൾ.പിന്നോക്കം നിന്നിരുന്ന ഈ പ്രദേശത്ത് ഒരു ഗവ.സ്കൂളിന്റെ വരവ് ഒട്ടേറെ മാറ്റങ്ങൾക്കു വഴിതെളിച്ചു.തറയോട് നിരത്തിയ ഓലക്കെട്ടിടത്തിലായിരുന്നു തുടക്കം.താഴെയിരുന്നാണ് കുട്ടികൾ പഠിച്ചിരുന്നത്.
1950-ൽ ചുനക്കര ഹൈസ്കൂൾ സ്ഥാപിതമായതോടെ ഇവിടുത്തെ ഉയർന്ന ക്ലാസുകൾ അവിടേക്കു മാറ്റി. 1951-ൽ കെട്ടിടം പുതുക്കി ഓടു മേഞ്ഞു.പിന്നീട് വിവിധ ഘട്ടങ്ങളിലായി ഇന്നു കാണുന്ന സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ ഉണ്ടായി.

പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്ന വിദ്യാലയത്തിനുള്ള പല അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്.ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് ഈ സ്കൂളിന് അക്ഷരം-സമഗ്രവിദ്യാഭ്യാസ പദ്ധതി' പ്രകാരം ഏറ്റവും മികച്ച വിദ്യാലയത്തിനുള്ള ജോസഫ് മുണ്ടശ്ശേരി പുരസ്കാരം നൽകി.റവന്യൂ ജില്ലയിലെ വിപുലമായ ലൈബ്രറികളിലൊന്നായി ഈ സ്കൂളിലെ ലൈബ്രറിയെ തിരഞ്ഞെടുത്തിട്ടുണ്ട്.
2011 മുതൽ സബ് ജില്ലയിലെ ഫിസിയോ തെറാപ്പി യൂണിറ്റുകളിലൊന്ന് ഇവിടെ പ്രവർത്തിക്കുന്നു.2011-2012 വർഷം ചുനക്കര ഗ്രാമപഞ്ചായത്ത് 'കുട്ടികളുടെ പാർക്ക് സ്ഥാപിച്ചു നൽകി.ഈ വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ പല ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തിവരുന്നു.

സാമൂഹിക-സാംസ്കാരിക-കലാ രംഗങ്ങളിലെ പല പ്രമുഖരും ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളായിരുന്നു. ഓ.മാധവൻ, മുകേഷ്, പെല്ലത്ത് ശ്രീധരൻപിള്ള, കെ.സി.നായർ, ചുനക്കര രാമൻകുട്ടി, ചുനക്കര ജനാർദ്ദനൻ നായർ, ഡോ.ജി.കരുണാകരപിള്ള, ചുനക്കര രാജൻ, തുടങ്ങിയവർ അവരിൽ ചിലർ മാത്രം.നൂറ്റി പതിനഞ്ച് വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു.ഒൻപത് അധ്യാപകരും രണ്ട് അനധ്യാപകരും ഉണ്ട്.